**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2840** **18-03-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ല - പട്ടികവർഗ്ഗ വിദ്യാർത്ഥിനിയുടെ ചികിത്സയ്ക്കും പഠനത്തിനും സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ കരുളായി ഗ്രാമപഞ്ചായത്തിലെ മാഞ്ചീരി വന മേഖലയിലെ പൂച്ചപ്പാറ പട്ടികവർഗ്ഗ കോളനിയിൽ താമസിക്കുന്ന മണി എന്നയാളുടെ മകളും ഹൈഡ്രോ സെഫാലസ്, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ച ഭിന്നശേഷിക്കാരിയുമായ മീനാക്ഷി (14 വയസ്സ്) എന്ന പെൺകുട്ടിയുടെ ചികിത്സക്കും പഠനത്തിനുമായി സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ മാഞ്ചീരി വനമേഖലയിലെ പൂച്ചപ്പാറ കോളനിയിലെ മണിയുടെ മകളായ മീനാക്ഷിയെ നിലമ്പൂർ ഐ.റ്റി.ഡി.പി ഓഫീസ് മുഖേന കോളനിയിൽ നിന്നും കോഴിക്കോട് ഐ.എം.സി.എച്ചിൽ പ്രവേശിപ്പിച്ച് ചികിത്സ നൽകി വരുന്നു. |
| (ബി) | തുടർന്നും ഈ പെൺകുട്ടിയുടെ ചികിത്സക്കും പഠനത്തിനും സർക്കാർ സംവിധാനമൊരുക്കുമോ; വ്യക്തമാക്കുമോ? | (ബി) | കുമാരി.മീനാക്ഷിയുടെ ചികിത്സയ്ക്കും പഠനത്തിനും ആവശ്യമായ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ